LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ 21-12-2020-ൽ ബഹു.വനം മന്ത്രി വിളിച്ച്ചേർത്തിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയാണ് ഉണ്ടായത്.

കാട്ടുപന്നിയെ ശല്യക്കാരായ മൃഗമായി പ്രഖ്യാപിക്കൽ

180(926) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയെ ശല്യക്കാരായ മൃഗമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1-11-2020, 17-6-2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സർക്കാർ കത്ത് നം.ഡി2/126/2020/വനം പ്രകാരം അപേക്ഷ നൽകിയിരുന്നു.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ 1-11-2020-ലെ അപേക്ഷ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്രസർക്കാർ, 10-12-2020-ലെ എഫ്.നം.8-31/2020-ഡബ്ല്യു.എൽ. കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു വന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന്, 2011 മുതൽ കാട്ടു പന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും 6-2-2021-ൽ F.No.8/60/2020/WL (Part - I) നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കുന്നതിന് 8-7-2021-ലെ F.No. 8-31/2020/WL എന്ന കത്ത് മുഖാന്തരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. ഈ കത്തിനുള്ള മറുപടി സംസ്ഥാന സർക്കാർ ഉടൻ നൽകുന്നതാണ്.

(സി) പ്രസ്തുത പ്രഖ്യാപനം എപ്പോൾ നടപ്പിൽ വരുത്താനാകുമെന്ന് വ്യക്തമാക്കാമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച അപേക്ഷ കേന്ദ്ര സർക്കാർ അംഗീകരിച്ച് ഉത്തരവായാൽ മാത്രമേ ഇപ്രകാരമുള്ള പ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ.

കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കാൻ നടപടി

181(927) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് കേന്ദ്രത്തിൽ നിന്നുള്ള മറുപടി വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം നൽകുമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1-11-2020, 17-6-2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് കത്ത് നമ്പർ ഡി2/126/2020/വനം പ്രകാരം അപേക്ഷ നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ 1-11-2020-ലെ അപേക്ഷ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, 10-12-2020-ലെ എഫ്.നം.8-31/2020-ഡബ്ള്യു.എൽ. കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു വന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലായെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന് 2011 മുതൽ കാട്ടുപന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും 6-2-2021-ൽ F.No.8/60/2020-WL(part-1) നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കുന്നതിന് 8-7-2021-ലെ F.No.8-31/2020-WL എന്ന കത്ത് മുഖാന്തരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. ആയതിനുള്ള മറുപടി തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻതന്നെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly